8. യാത്രക്കാർക്ക് കൂടുതൽ സുഖസൗകര്യം നൽകുന്ന ബസ്സുകൾ ദീർഘദൂരം സർവ്വീസിനുപയോഗിച്ചു തുടങ്ങി.

9. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷർ ചെയ്തു. ആദ്യ ഘട്ടമായി സൂപ്പർ ഫാസ്റ്റു വരെയുള്ള 603 ബസ്സുകൾ ഇൻഷർ ചെയ്തു. രണ്ടാംഘട്ടമായി 900-ത്തോളം വരുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഇൻഷർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിടിച്ചുവച്ചിരുന്ന ജീവനക്കാരുടെ മിക്ക ആനുകൂല്യങ്ങളും തിരിച്ചു നൽകി. ഭേദപ്പെട്ട ഒരു ശമ്പള പരിഷ്കരണ കരാർ ഈ സർക്കാരിന്റെ കാലയളവിൽ ഒപ്പുവച്ചു. ഇത് ജീവനക്കാരുടെ ഇടയിൽ പുത്തനുണർവുണ്ടാക്കി. തൻമൂലം സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുവാൻ കഴിയുന്നുണ്ട്.

(ബി) 1. ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിച്ചു.

2. വരുമാനം കുറഞ്ഞ സർവ്വീസുകൾ തിരക്കുള്ള സമയത്തും റൂട്ടിലും മാറ്റി ഓടിച്ചു വരുമാനം വർദ്ധിപ്പിക്കുന്നു.

3. കൂടുതൽ പഴക്കം ചെന്ന ബസ്സുകൾ നിരത്തിൽനിന്നും പിൻവലിക്കുവാൻ തീരുമാനിച്ചു.

4. വരുമാനച്ചോർച്ച തടയുവാനായി ചെക്കിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടിയെടുത്തു.

5. ഓപ്പറേറ്റിംഗ് വിഭാഗത്തിലുള്ള ജീവനക്കാർക്ക് റിഫ്രഷർ ട്രെയിനിംഗ് നൽകുന്നതുകൊണ്ട് സർവ്വീസ് ഓപ്പറേഷനിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനും അതുവഴി കൂടുതൽ വരുമാനമുണ്ടാക്കുവാനും കഴിയുന്നുണ്ട്.

(സി) ഇപ്പോൾ ആകെയുള്ള 3940 ബസ്സുകളിൽ പത്തു ശതമാനത്തോളം ബസ്സുകൾ പലതരത്തിലുള്ള അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ഡി) 1876

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്തു വാങ്ങിയ ചാസികൾ ബോഡി ചെയ്തതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1226 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(എഫ്) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി പരമാവധി ബസ്സുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

66 (1798) നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ എത്രയെന്നും അവ ഏതെല്ലാം ഡിപ്പോകളിൽ ആണെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചു; ഏതെല്ലാം ഡിപ്പോകളിൽ;

(സി) നിർത്തലാക്കിയതിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിക്കാൻ സാദ്ധ്യതയുണ്ട്;

(ഡി) ഇപ്രകാരം നിർത്തലാക്കിയതിൽ കൊടുങ്ങല്ലൂർ ഡിപ്പോയിൽ നിന്നുള്ള ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

(സി)-(ഡി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

67 (1799) കെ.എസ്.ആർ.ടി.സി. ബസ്സുകളും ജീവനക്കാരും

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ എത്ര ബസ്സുകളാണ് ഉള്ളത്;

(ബി) ഇവയിൽ റണ്ണിംഗ് കണ്ടീഷനിലുള്ളത് എത്ര;

(സി) അഞ്ചുവർഷത്തിൽ കൂടുതൽ പഴക്കമുള്ളവ എത്ര;

(ഡി) 1999-2000 വർഷത്തിൽ എത്ര ബസ്സുകളാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(എഫ്) ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ നികത്താൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 3940 ബസ്സുകൾ

(ബി) എല്ലാ ബസ്സുകളും റണ്ണിംഗ് കണ്ടിഷനിലുള്ളവയാണ്. ഇവയിൽ 10 ശതമാനത്തോളം ബസ്സുകൾ പലതരത്തിലുള്ള താൽക്കാലിക അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിൽ പിടിച്ചിട്ടിട്ടുണ്ട്.

(സി) 1876

(ഡി) 600 ബസ്സുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ 23300 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

ഡ്രൈവർ	-	4730
വെഹിക്കിൾ സൂപ്പർവൈസർ ആന്റ് ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ	-	252
കണ്ടക്ടർ വിഭാഗം	-	7824
ഇൻസ്പെക്ടർ ആന്റ് സ്റ്റേഷൻ മാസ്റ്റർ	-	1209

LIBRARY ARCHIVES Kerala Legislative Assembly